"ഭരണഭാഷ മാതൃഭാഷ"

ICDS/B1-1092/2020

വനിത ശിശു വികസന ഡയറക്ടറേറ്റ്
പൂജപ്പുര, തിരുവനന്തപുരം.
തീയതി: 28-01-2021
ഇ-മെയിൽ: directorate.wcd@kerala.gov.in
ഫോൺ നം: 0471-2346534

വനിത ശിശു വികസന ഡയറക്ടർ

എല്ലാ ജില്ലാ വനിത ശിശുവികസന ഓഫീസർമാർക്കും
പ്രോഗ്രാം ഓഫീസർമാർക്കും
ശിശുവികസന പദ്ധതി ഓഫീസർമാർക്കും

സർ,

വിഷയം: വനിത ശിശുവികസന വകുപ്പ് – ഐ.സി.ഡി.എസ് മിഷൻ - 2020 -21 വർഷത്തെ IEC പ്രവർത്തനങ്ങൾക്കുള്ള ഫണ്ട് വിനിയോഗിക്കുന്നത് - സംബന്ധിച്ച്.

സൂചന: 1) ഈ കാര്യാലയത്തിൽ നിന്നുള്ള 01.12.2020 തീയതിയിലെ ഇതേ നമ്പർ ഉത്തരവ്
2) ഈ കാര്യാലയത്തിൽ നിന്നുള്ള 22.01.2021 തീയതിയിലെ ഇതേ നമ്പർ കത്ത്
3) നേമം അഡീഷണൽ സി.ഡി.പി.ഒ യുടെ നമ്പർ ICDS/Nm(A) -37/21 നമ്പർ കത്ത്.

മേൽ സൂചനകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. 2020 -21 സാമ്പത്തിക വർഷത്തെ IEC പ്രവർത്തനങ്ങൾക്കായി ഒരു അങ്കണവാടിക്ക് 1000/- രൂപ ക്രമത്തിൽ സൂചന (1) പ്രകാരം എല്ലാ ശിശുവികസന പദ്ധതി ഓഫീസർമാർക്കും തുക അനുവദിച്ച് ഉത്തരവായിരുന്നു.

IEC പ്രവർത്തനത്തിന്റെ ഭാഗമായി പുതുതായി തെരഞ്ഞെടുക്കപ്പെടുന്ന പഞ്ചായത്ത് ഭരണസമിതി/കൗൺസിൽ അംഗങ്ങൾക്ക് ഐ.സി.ഡി.എസ് പദ്ധതിയെക്കുറിച്ച് ബോധവൽക്കരണം നൽകുന്നതിനായി ഒരു അങ്കണവാടിക്ക് 200/- രൂപ ക്രമത്തിൽ വകയിരുത്തിയിട്ടുണ്ട്. പഞ്ചായത്ത് തലത്തിൽ ജനപ്രതിനിധികളുടെ അംഗസംഖ്യ കുറവായതിനാൽ ടി തുക അധികമാണെന്നും അധികമായി വരുന്ന തുകയ്ക്ക് IEC

ആവശ്യങ്ങൾക്കായി മറ്റ് ഗുണഭോക്താക്കളെയും അങ്കണവാടി ഹെൽപ്പർമാരെയും ഉൾപ്പെടുത്തി തുക വിനിയോഗിക്കുന്നതിനുള്ള അനുമതി നൽകുന്നതിന് നേമം അഡീഷണൽ സി.ഡി.പി.ഒ സൂചന (3) പ്രകാരം ആവശ്യപ്പെട്ടിരുന്നു.

മേൽ സാഹചര്യത്തിൽ IEC പ്രവർത്തനങ്ങൾക്കായി അങ്കണവാടി തലത്തിൽ അനുവദിച്ചിട്ടുള്ള തുക വിനിയോഗിക്കുന്നതിന് ചുവടെ പറയുന്ന നിർദ്ദേശങ്ങൾ സ്വീകരിക്കാവുന്നതാണ്.

1. IEC പ്രവർത്തനത്തിന്റെ ഭാഗമായി പുതുതായി തെരെഞ്ഞെടുത്ത പഞ്ചായത്ത് ഭരണസമിതി/കൗൺസിൽ അംഗങ്ങൾക്കായുള്ള ബോധവൽക്കരണ പ്രോഗ്രാം പഞ്ചായത്ത് തലത്തിൽ നടത്തുമ്പോൾ അധിക ഫണ്ട് വരുകയാണെങ്കിൽ ടി തുക ALMSC അംഗങ്ങൾക്കായുള്ള ബോധവൽക്കരണ പ്രോഗ്രാം സംഘടിപ്പിക്കുന്നതിന് വിനിയോഗിക്കാവുന്നതാണ്.
2. പുതുതായി തെരഞ്ഞെടുത്ത പഞ്ചായത്ത് ഭരണസമിതി/കൗൺസിൽ അംഗങ്ങൾക്കായുള്ള ബോധവൽക്കരണ പ്രോഗ്രാമിന് ഒരു അങ്കണവാടിക്ക് 200/- രൂപയും ALMSC അംഗങ്ങൾക്കായുള്ള ബോധവൽക്കരണത്തിനായി ഒരു അങ്കണവാടിക്ക് 300/- രൂപയും വകയിരുത്തിയിട്ടുണ്ട്. ടി രണ്ട് IEC പ്രോഗ്രാമുകളും സംഘടിപ്പിക്കുന്നതിനായി ഒരു അങ്കണവാടിക്ക് പരമാവധി 500/- രൂപ നിരക്കിൽ സംഘടിപ്പിക്കുന്നതിന് സി.ഡി.പി.ഒ തലത്തിൽ ഫണ്ട് ക്രമീകരിക്കാവുന്നതാണ്.

വിശ്വസ്തതയോടെ,

വനിത ശിശു വികസന ഡയറക്ടർക്കുവേണ്ടി

S.N. SIVANYA
Joint Director
Women and Child Development Department
Thiruvananthapuram - 695012

JF/21